


2025

# ACADEMIC MASTER PLAN

AMLPS PARAPPUR IRINGALLUR

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എ.എം.എൽ.പി.സ്കൂൾ പറപ്പൂർ ഇരിങ്ങല്ലൂർ |
| വിലാസം | : ചേക്കാലിമാട്, വേങ്ങര പോസ്റ്റ്, 676304 |
| ഫോൺ | : 0494 245 02 02 |
| സ്കൂൾ കോഡ് | : 19839 |
| വിദ്യാഭ്യാസ ഉപജില്ല | : വേങ്ങര |
| വിദ്യാഭ്യാസ ജില്ല | : തിരൂരങ്ങാടി |
| റവന്യൂ ജില്ല | : മലപ്പുറം |
| ബി.ആർ.സി | : വേങ്ങര |
| സി.ആർസി | : എ.എം.യു.പി സ്കൂൾ കുറ്റിത്തറമ്മൽ |
| ഗ്രാമ പഞ്ചായത്ത് | : പറപ്പൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : വേങ്ങര |
| ജില്ല പഞ്ചായത്ത് | : മലപ്പുറം |
| നിയമ സഭ മണ്ഡലം | : വേങ്ങര |
| ലോക് സഭ മണ്ഡലം | : മലപ്പുറം |
| താലൂക്ക് | : തിരൂരങ്ങാടി |
| വില്ലേജ് | : പറപ്പൂർ |
| ഇ.മെയിൽ | : **amlpsparappuriringallur@gmail.com** |
| വെബ്സൈറ്റ് | : **www.amlpsparappuriringallur.blogspot.in** |
| സ്കൂൾ വിക്കി | : **https://schoolwiki.in/A.M.L.P.S.ParappurIringallur** |

## ആമുഖം

മലപ്പുറം ജില്ലയിലെ പറപ്പൂർ പഞ്ചായത്തിലെ ചേക്കാലിമാട് എന്ന പ്രദേശത്താണ് എ.എം.എൽ.പി. സ്കൂൾ പറപ്പൂർ ഇരിങ്ങല്ലൂർ എന്ന ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. പ്രീ പ്രൈമറിയിൽ മൂന്നും പ്രൈമറിയിൽ പത്തും അധ്യാപകർ ഈ വിദ്യാലയത്തിൽ ജോലി ചെയ്യുന്നു. പ്രീ പ്രൈമറിയിലടക്കം 369 കുട്ടികൾ നിലവിൽ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. ആദ്യ കാലത്ത് വേങ്ങര അരീകുളം പള്ളിക്ക് സമീപത്തെ ഓത്ത് പള്ളിയായിരുന്നു ഈ വിദ്യാലയം. പുരോഗമന ചിന്താഗതിക്കാരായിരുന്ന അന്നത്തെ ഓത്ത് പള്ളി മൊല്ലാക്കമാർ അറബി പഠിപ്പിക്കുന്നതോടൊപ്പം കുട്ടികളെ മലയാള അക്ഷരങ്ങളും പഠിപ്പിച്ച് തുടങ്ങി. 1923 ൽ ഇത് സ്കൂളായി ഉയർത്തുകയും 1925 ൽ അംഗീകാരം ലഭിക്കുകയും ചെയ്തു.

## ലക്ഷ്യങ്ങൾ

- അക്കാദമിക മികവ്
- മൂല്യാധിഷ്ടിത വിദ്യാഭ്യാസം
- ഗുണമേന്മയുള്ള വിദ്യാഭ്യാസം
- അധ്യാപനവും അധ്യയനവും സർഗ്ഗാത്മകമാക്കൽ
- എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പ് വരുത്തൽ
- കലാ കായിക ആരോഗ്യ കാഴ്ച്ചപ്പാട്
- ഹൈടെക്ക് സംവിധാനത്തിലൂടെയുള്ള വിദ്യാഭ്യാസം
- വ്യത്യസ്ഥ മേഖലകളിൽ കഴിവ് തെളിയിക്കുന്ന കുട്ടികൾക്ക് അതിൽ പ്രത്യേക പരിശീലനം നൽകുക
- സ്കൂളിന്റെ കാലോചിത വികസനത്തിന് വേണ്ടി അധ്യാപക രക്ഷ കർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവരുടെ പൂർണ്ണ അർത്ഥത്തിലുള്ള പിന്തുണ ഉറപ്പാക്കും

1921 ലെ പ്രത്യേക സംഭവവികാസത്തിന് ശേഷം മലബാറിലെ ഓത്തുപള്ളി സംവിധാനത്തിൽ പരേതനായ അരീകുളങ്ങര മുഹമ്മദ് കുട്ടി മൊല്ല എന്നവരുടെ നേതൃത്വത്തിലും കാർമികത്വത്തിലും പറപ്പൂർ ഇരിങ്ങല്ലൂർ, അരീക്കുളം ഭാഗത്തെ നാട്ടുകാരുടെ സഹായ സഹകരണത്തോടു കൂടിയാരംഭിച്ച നമ്മുടെ വിദ്യാലയം പറപ്പൂർ ഇരിങ്ങല്ലൂർ എ.എം.എൽ.പി സ്കൂൾ (എയ്ഡഡ് മാപ്പിള ലോവർ പ്രൈമറി സ്കൂൾ) 1925 മുതൽ സമ്പൂർണ്ണ രീതിയിലുള്ള വിദ്യാഭ്യാസ സ്ഥാപനമായി ഈ പ്രദേശത്ത് പ്രവർത്തിച്ച് വരുന്നു.

സ്ഥാപകനായ മുഹമ്മദ് കുട്ടി മൊല്ലയുടെയും സഹ പ്രവർത്തകരുടെയും നാട്ടുകാരുടെയും ശ്രമഫലമായി നമ്മുടെ വിദ്യാലയം പൂർവ്വാധികം പുരോഗമിച്ച് കൊണ്ടിരുന്നു. അരീകുളങ്ങര മുഹമ്മദ് കുട്ടി മൊല്ലക്ക് ശേഷം മകൻ അരീകുളങ്ങര മൊയ്തീൻ മാസ്റ്റർ സ്കൂളിന്റെ സാരഥ്യം ഏറ്റെടുത്തതോടു കൂടി സ്കൂൾ പ്രവർത്തനം കൂടുതൽ വ്യാപിക്കുകയും സഹപ്രവർത്തകരുടെയും നാട്ടുകാരുടെയും ശ്രമഫലമായി പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിന് നാട്ടുകാർ ഒന്നടങ്കം തയ്യാറാവുകയും കുട്ടികളെ മുഴുവൻ സ്കൂളിൽ പറഞ്ഞയക്കുകയും ചെയ്തതോടുകൂടി നമ്മുടെ പ്രദേശത്തിന്റെ വിദ്യാഭ്യാസ - സാംസ്കാരിക വികാസത്തിന് വഴി തെളിയിച്ചു കൊണ്ട് എയ്ഡഡ് മാപ്പിള ലോവർ പ്രൈമറി സ്കൂൾ എന്ന ഈ സ്ഥാപനം തല ഉയർത്തി നിന്നു.

നാട്ടുകാർക്ക് ഒരു വൈകാരികമായ അടുപ്പമായിരുന്നു ഈ വിദ്യാലയത്തോട്, അന്നും ഇന്നും! നാട്ടുകാരുടെ ഒരു വികാരമായി ഇന്നും നമ്മുടെ വിദ്യാലയം നിലനിൽക്കുന്നു എന്നതാണ് ഈ സ്കൂളിന്റെ ചരിത്രവും ഇന്നത്തെ പുരോഗതിയും സൂചിപ്പിക്കുന്നത്.

ഗൾഫിന്റെ അരങ്ങേറ്റത്തോടു കൂടി വിദ്യാഭ്യാസ കാഴ്ച്ചപ്പാടുകൾക്കും സങ്കൽപങ്ങൾക്കും മാറ്റം വന്നപ്പോൾ സമീപ പ്രദേശങ്ങളിലെ പല വിദ്യാലയങ്ങളിലും കുട്ടികളുടെ അംഗസംഖ്യയിൽ കാര്യമായ കുറവുകൾ നേരിടുകയും ചില സ്കൂളുകൾ അടച്ച് പൂട്ടൽ ഭീഷണി അഭിമുഖീകരിക്കുകയും ചെയ്തു. നില നിൽക്കാൻ അഭ്യാസങ്ങൾ കാണിക്കുമ്പോൾ നമ്മുടെ വിദ്യാലയം അതിൽ നിന്നെല്ലാം വിഭിന്നമായി ഈ പ്രദേശത്ത് തല ഉയർത്തി നിൽക്കുന്നു എന്നത് നമ്മുടെ നാട്ടുകാർക്ക് ഈ വിദ്യാലയത്തോടുള്ള വിശ്വാസവും വൈകാരികമായ അടുപ്പവുമാണ് സൂചിപ്പിക്കുന്നത്. പാരമ്പര്യവും പൈതൃകവും അച്ചടക്കവും കാത്ത് സൂക്ഷിച്ച് കൊണ്ട് നല്ലതിനുള്ള മാറ്റങ്ങൾ ഉൾകൊണ്ട് കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി കുട്ടിയെ വാർത്തെടുക്കുന്ന സമീപനമാണ് ഈ വിദ്യാലയത്തിലെ അധ്യാപകരും അധികൃതരും നാട്ടുകാരും രക്ഷിതാക്കളും ലക്ഷ്യമിടുന്നത്. 2000-2001 അധ്യായനവർഷം മുതലുള്ള കുട്ടികളുടെ എണ്ണം യഥാക്രമം 327 312, 306, 297, 309, 318, 322, 323, 317, 304, 284, 295 2012 13 ൽ പ്രീ പ്രൈമറി ഉൾപ്പെടെ 357, 356, 363, 360, 362, 369 എന്നിങ്ങനെയാണ്. അത് പോലെ സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് 4 ാം തരത്തിലെ വിദ്യാർത്ഥികൾക്കായി നടത്തുന്ന LSS സ്കോളർഷിപ്പ് പരീക്ഷയിൽ നമ്മുടെ സ്കൂൾ 2000-01 മുതൽ അഭിമാനാർഹമായ വിജയമാണ് നേടികൊണ്ടിരിക്കുന്നത്. 2000-01 ൽ 1, 2002-03 ൽ 1 2005-06 ൽ 3, 2006-07 ൽ 2, 2007-08 ൽ 1, 2008-09 ൽ 4, 2009-10 ൽ 1, 2012-13 ൽ 1വർധിച്ചുവരുന്ന കമ്പോള വൽക്കരണ മനോഭാവം വിദ്യാഭ്യാസ മേഖലയെ കീഴടക്കുമ്പോഴും, ജനനങ്ങളിലുള്ള കാര്യമായ കുറവ് നിലനിൽക്കുമ്പോഴും നമ്മുടെ സ്കൂളിലെ അഡ്മിഷൻ പ്രക്രിയ രക്ഷിതാക്കൾ നേരിട്ട് വന്ന് കുട്ടികളെ സ്കൂളിൽ ചേർത്തു കൊണ്ട് ഒരേ നിലവാരത്തിൽ തന്നെ നിലനിൽക്കുന്നു എന്നത് അഭിമാനകരം തന്നെ.

## വിദ്യാലയം - കാഴ്ച്ചപ്പാട്

- പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളുടെ സജീവ പങ്കാളിത്തം
- മൂല്യങ്ങളും നല്ല മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും നൽകൽ
- എല്ലാ ക്ലാസിലും പഠന നേട്ടങ്ങൾ കുട്ടികൾ കൈവരിക്കുന്നു എന്ന് ഉറപ്പ് വരുത്തൽ
- പരിസ്ഥിതിയെ സംരക്ഷിച്ച് കൊണ്ടുള്ള വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുക
- അന്താരാഷ്ട്ര നിലവാരം ക്ലാസ് റൂമുകളിൽ ഏർപ്പെടുത്തുക
- അന്താരാഷ്ട്ര നിലവാരത്തേക്കുയർത്തുന്നതിന്റെ ഭാഗമായി ലോകത്തെവിടെയുമുള്ള നിശ്ചിത പ്രായക്കാരായ കുട്ടികൾ ആർജ്ജിക്കുന്ന അറിവും കഴിവും ഞങ്ങളുടെ കുട്ടികളും നേടി എന്ന് ഉറപ്പാക്കും.

## നേട്ടങ്ങൾ

- മികച്ച ഭൗതിക സൗകര്യം
- എല്ലാ മാസവും പഠന നേട്ടം വിലയിരുത്തൽ
- ഓരോ രക്ഷിതാക്കളെയും വ്യത്യസ്ത സമയങ്ങളിൽ വിളിച്ച് കൊണ്ടുള്ള ക്ലാസ് പി.ടി.എ
- മികച്ച ശുചി മുറികൾ
- മികച്ച വാഷിംഗ് ഏരിയ
- എല്ലാ ആഴ്ച്ചയിലും ക്ലാസ് ബാലസഭകൾ, മാസത്തിൽ ഒരു സ്കൂൾ ബാലസഭ
- മുന്നോക്കക്കാർക്ക് പ്രത്യേക കോച്ചിംഗ്

## പരിമിതികൾ

- കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനുള്ള ഹാൾ
- ലാബുകൾ സജ്ജീകരിക്കുന്നതിനുള്ള റൂമുകൾ
- കലാ കായിക അധ്യാപകരുടെ സേവനം
- പരിസ്ഥിതിയെ സംരക്ഷിച്ച് കൊണ്ടുള്ള വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുക

## വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുന്നതിന് ഈ വിദ്യാലയം ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

പ്രവർത്തനം - 1
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠന മികവിനായി ഭൗതിക മികവ് | **ആകർഷകമായ ക്ലാസ് മുറികൾ :**<br>ക്ലാസുകളിലെ ചുമരുകൾ ചിത്രങ്ങൾ വരച്ച് ആകർഷകമാക്കൽ<br>**ഐ.സി.ടി പരിശീലനം:**<br>എല്ലാ അധ്യാപകരെയും പുതിയ കാലത്തെ ടെക്നോളജികളിൽ കൃത്യമായ പരിശീലനം നൽകി ഐ.സി.ടി സാധ്യതകളെ പ്രയോജനപ്പെടുത്താനുതകുന്ന തരത്തിൽ ഉയർത്തുക<br>**ഹൈടെക് ക്ലാസ്മുറികൾ:**<br>എല്ലാ ക്ലാസ്മുറികളും ഹൈടെക് ക്ലാസ് റൂമുകളാക്കി മാറ്റി ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.<br>**ജൈവ വൈവിധ്യ പാർക്ക്:**<br>സ്കൂളിലെ ലഭ്യമായ സൗകര്യത്തിൽ മനോഹരമായ ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുക<br>**വായന ശാല:**<br>സ്കൂൾ ലൈബ്രറി ആധുനിക വത്കരിക്കുന്നതിന്റെ ഭാഗമായി ലൈബ്രറിയുടെ പ്രവർത്തനങ്ങൾ കംപ്യൂട്ടർ അധിഷ്ഠിതമാക്കും. ഡിജിറ്റൽ ലൈബ്രറിയും സ്കൂളിൽ ക്രമീകരിക്കും.<br>**ക്ലാസ് ലൈബ്രറി:**<br>എല്ലാ ക്ലാസുകളിലും ലൈബ്രറി എന്ന പദ്ധതി രൂപീകരിക്കുക. ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള അലമാരകൾ ഓരോ ക്ലാസിലും സ്ഥാപിക്കുക. | | | |

പ്രവർത്തനം - 1

പേര് :

മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | **മലയാളത്തിളക്കം പ്രീ - ടെസ്റ്റ് :**<br>ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുന്നു.<br>**അക്ഷരം പരിചയപ്പെടുത്തൽ:**<br>ചിത്രങ്ങളിലൂടെയും അക്ഷരക്കാർഡുകളിലൂടെയും കളറിംഗി ലൂടെയും അക്ഷരത്തെയും എഴുതുന്ന രീതിയെയും പരിചയപ്പെടുത്തുന്നു.<br>**ചിഹ്നങ്ങൾ പരിചയപ്പെടുത്തൽ:**<br>സ്വരാക്ഷരങ്ങളും അവയോടൊപ്പം വരുന്ന ചിഹ്നങ്ങളും വാക്കുകളിലൂടെ ഉറപ്പിക്കുന്നു.<br>**കാർഡുകൾ , പദ സൂര്യൻ:**<br>പദ സൂര്യനിലൂടെ വാക്കുകൾ കണ്ടെത്തി വാക്യം രൂപീകരിക്കൽ. ചിത്ര വായനയിലൂടെ വാക്കുകളും വാക്യങ്ങളും നിർമ്മിക്കൽ.<br>**സി.ഡി. പ്രദർശനം:**<br>ചിത്രങ്ങൾ അടങ്ങിയ സി.ഡി പ്രദർശിപ്പിച്ച് ചിത്രത്തെ കുറിച്ച് പറയുന്നു, എഴുതുന്നു.<br>**കഥ/കവിത തുടർന്ന് പറയൽ:**<br>ലളിതമായ കഥകൾ അവതരിപ്പിക്കുന്നു. ബാക്കി ഭാഗം തുടർന്ന് പറയുന്നു. ലളിതമായ വാക്യങ്ങളിലൂടെ എഴുതുന്നു.<br>**പത്രത്തിലൂടെ:**<br>പത്രം നോക്കി പരിചിതമായ അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിയുന്നു. പദങ്ങൾ കണ്ടെത്തുന്നു.<br>**വർക്ക് ഷീറ്റ്:**<br>പരിചിതമായ അക്ഷരങ്ങളും പദങ്ങളും ചിഹ്നങ്ങളും ഉൾകൊള്ളിച്ച വർക്ക് ഷീറ്റുകൾ പൂർത്തിയാക്കുന്നു. | 3 മാസം | വിജയ ഭേരി, ഭാഷ ക്ലബ്ബ് എസ്.ആർ.ജി | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | **ഭാഷാ കേളികൾ :**<br>ലളിതമായ ഭാഷാ കേളികളിൽ പങ്കെടുക്കുന്നു. നേതൃത്വം നൽകുന്നു.<br>**തുടർ പഠനം:**<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് എല്ലാ വെള്ളിയാഴ്ചകളിലും പ്രത്യേക മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ.<br>**ഭിന്നശേഷിക്കാരെ പരിഗണിക്കൽ:**<br>ഭിന്ന ശേഷിക്കാർക്കായി പ്രത്യേക പ്രവർത്തന പാക്കേജ്.<br>അധ്യാപകരുടെ സേവനം | | വിജയ ഭേരി,<br>ഭാഷ ക്ലബ്ബ്<br>എസ്.ആർ.ജി | |

**പ്രവർത്തനം -**
**പേര് :**
**മേഖല :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സംഘ പ്രവർത്തന നൈപുണി , നേതൃത്വ പാഠവം എന്നിവ വളർത്തൽ | **ഭാഷാ ക്ലബ്ബ് :**<br>1,2,3,4 ക്ലാസുകളിലെ കുട്ടികളെ ക്ലാസ് അടിസ്ഥാനത്തിൽ 7 പേർ അടങ്ങുന്ന ഭാഷാ ക്ലബ്ബ് രൂപീകരിക്കുന്നു. അംഗങ്ങളുടെ പേരുകൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. ഈ ക്ലബ്ബുകളുടെ അംഗങ്ങളിൽ നിന്ന് സ്കൂൾ ഭാഷ ക്ലബ്ബ് രൂപീകരിക്കുന്നു.<br>**ക്ലബ്ബ് പ്രവർത്തനം:**<br>ഭാഷാക്ലബ്ബിന്റെ നേതൃത്വത്തിൽ മാസം തോറും ഭാഷയുമായി ബന്ധപ്പെട്ട ഒരു പൊതു പ്രവർത്തനം സംഘടിപ്പിക്കുന്നു.<br>**ക്ലാസ് മാഗസിൻ:**<br>ഓരോ ടേമിലും ഭാഷ ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ് മാഗസിനുകൾ നിർമ്മിച്ച് ശ്രദ്ധേയമായതിനെ പ്രോത്സാഹിപ്പിക്കുന്നു. | 3 മാസം | വിജയ ഭേരി,<br>ഭാഷ ക്ലബ്ബ്<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ വായനാശീലം വളർത്തുക, മികച്ച വായനക്കാരനാക്കുക | <u>വായനാദിനം :</u><br>ജൂൺ 19<br>വായനാദിനത്തോടനുബന്ധിച്ച് ഒരു വർഷത്തെ വായനാ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം സംഘടിപ്പിക്കുന്നു. പി.എൻ. പണിക്കർ അനുസ്മരണം.<br>**<u>ക്ലാസ് വായന മൂല:</u>**<br>ഒന്ന് മുതൽ നാല് വരെ ക്ലാസുകളിൽ കുട്ടികളുടെ നിലവാരത്തിന് യോജിച്ച പുസ്തകങ്ങൾ സംഘടിപ്പിച്ച് വായനമൂല സജ്ജമാക്കൽ.<br>**<u>പുസ്തക ശേഖരണം:</u>**<br>കുട്ടികളെ അഞ്ചു പേർ അടങ്ങുന്ന ഗ്രൂപ്പാക്കി ഭാഷാ ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ പുസ്തക സമാഹരണം നടത്തുന്നു. ക്ലാസ് ടീച്ചർ വായന മൂലയിലേക്ക് ഒരു പുസ്തകം നൽകി ഉദ്ഘാടനം ചെയ്യുന്നു..<br><u>പത്ര വായന:</u><br>വിവിധ പത്രങ്ങൾ പരിചയപ്പെടുത്തൽ, ക്ലാസിനൊരു പത്രം , അസംബ്ലിയിൽ പത്ര വാർത്ത വായന, ആനുകാലിക ക്വിസ്സ്, വാർത്ത തയ്യാറാക്കൽ, പത്രം തയ്യാറാക്കൽ..<br>**<u>ക്ലാസ് വായനകൂട്ടം:</u>**<br>ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 ഗ്രൂപ്പാക്കുന്നു. ഗ്രൂപ്പിൽ പുസതക വായന, വായന കുറിപ്പ് പുസ്തകം തയ്യാറാക്കുന്നു. അസംബ്ലിയിൽ വായിക്കാൻ അവസരം നൽകുന്നു. | 6 മാസം | വിജയ ഭേരി,<br>ഭാഷ ക്ലബ്ബ്<br>എസ്.ആർ.ജി<br><br>വിജയ ഭേരി,<br>ഭാഷ ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ വായനാശീലം വളർത്തുക, മികച്ച വായനക്കാരനാക്കുക | **ദിനാചരണങ്ങൾ :**<br>വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ , ബഷീർ അനുസ്മരണം, കൃതികൾ പരിചയപ്പെടൽ, കൃതികളെ ആഴത്തിലറിയൽ.<br>**ആനുകാലിക പ്രസിദ്ധീകരണം:**<br>ക്ലാസുകളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തൽ വായന പ്രോത്സാഹിപ്പിക്കൽ ഇതുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>**ഇ. വായന:**<br>വിക്കി പീഡിയ പരിചയപ്പെടുന്നു. നെറ്റിൽ നിന്നും വിവരങ്ങൾ ശേഖരിക്കാനുള്ള നൈപുണി. ഇ പേപ്പറുകൾ പരിചയപ്പെടുത്തൽ. വിവിധ കൃതികൾ കവിതകൾ എന്നിവയുടെ വീഡിയോ കാണൽ. | | വിജയ ഭേരി,<br>ഭാഷ ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | **എഴുത്തുകൂട്ടം :**<br>പഠന പ്രവർത്തനത്തിന്റെ ഭാഗമായി ക്ലാസിൽ രൂപപ്പെടുന്ന ആശയങ്ങൾ വ്യക്തിഗത രചന, ഗ്രൂപ്പിൽ അവതരണം, മെച്ചപ്പെടുത്തി പുനരെഴുത്ത്. മികച്ചത് ഉൾകൊള്ളിച്ച് ക്ലാസ് പതിപ്പ്<br>**ഭാഷ പ്രൊജക്ടുകൾ:**<br>ഭാഷയെ കൂടുതൽ മനസ്സിലാക്കാനും ആഴത്തിൽ അറിയാനുമായി പാഠ ഭാഗവുമായി ബന്ധപ്പെട്ട ഭാഷ പ്രൊജക്ടുകൾ. | മാസത്തിൽ ഒന്ന് | വിജയ ഭേരി,<br>ഭാഷ ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | **ആസ്വാദന കുറിപ്പ്:**<br>പഠന പ്രവർത്തനത്തിന്റെ ഭാഗമായും ലൈബ്രറി, വായന മൂല മുതലായവ ഉൾപ്പെടുത്തിയും വായന കുറിപ്പും ആസ്വാദന കുറിപ്പും തയ്യാറാക്കി പതിപ്പ് പ്രകാശനം<br>**സാഹിത്യകാരന്മാരെ അറിയൽ:**<br>രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ, കൃതികൾ, അവാർഡുകൾ, ജനനം, മരണം, ഉൾകൊള്ളിച്ച് കുറിപ്പ്, ചുമർപത്രിക.<br>**പോസ്റ്ററുകൾ:**<br>വ്യക്തികളുമായി ബന്ധപ്പെട്ടും ദിനങ്ങളുമായി ബന്ധപ്പെട്ടും ചെറു കുറിപ്പുകൾ മഹത് വചനങ്ങൾ എന്നിവ ഒറ്റക്കും സംഘമായും എഴുതി പ്രദർശനം<br>**ആശംസ കാർഡ്:**<br>വിശേഷ അവസരങ്ങളിൽ ബന്ധുവിന് കൂട്ടുകാരന് ആശംസകൾ കൈമാറാൻ ആശംസ കാർഡ്<br>**ക്ലാസ് പത്രം:**<br>സ്കൂളുമായും ക്ലാസുകളുമായും പരിസരവുമായും ബന്ധപ്പെട്ട സംഭവങ്ങൾ ഗ്രൂപ്പിൽ വാർത്തയാക്കൽ മെച്ചപ്പെടുത്തൽ, ക്ലാസ് പത്രം, സ്കൂൾ പത്രം പ്രസിദ്ധീകരിക്കൽ. | ടേമിൽ ഒന്ന് | | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | **കഥയരങ്ങ് :**<br>പരിചിതമായ കഥകളുടെ അവതരണം(കഥാപാത്രങ്ങൾ, സംഭാഷണം എന്നിവ കഥയിൽ), ചർച്ച, കഥ കാണാൻ അവസരം ഒരുക്കൽ, കഥയുടെ ബാക്കി എഴുതൽ<br>**കവിയരങ്ങ് :**<br>ദൃശ്യ മാധ്യമങ്ങളിലൂടെ കവിത കേൾക്കാൻ അവസരം, കവി പരിചയം, കവിതാലാപനം, കവിതാ പൂരണം ( ഈണം, താളം, ശബ്ദ ഭംഗി)<br>**സർഗ്ഗ സല്ലാപം :**<br>പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന, എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്ക് വെക്കൽ<br>**ബ്ലോഗ് നിറക്കൽ :**<br>ശിൽപശാലയിലും അല്ലാതെയും രൂപപ്പെട്ട മികച്ച രചനകൾ ബ്ലോഗിൽ<br>**നാടകക്കളരി :**<br>നാടകങ്ങൾ കാണാൻ അവസരമൊരുക്കൽ കഥാപാത്രങ്ങൾ, വേഷം, രംഗാവിഷ്കാരം, അഭിനയം തുടങ്ങിയവ ചർച്ച, പരിചിതമായ ചെറുകഥകൾ ചർച്ച ചെയ്യൽ, നാടകാവിഷ്കാരം<br>**ഭാഷാ ലാബ്:**<br>സ്മാർട്ട് ക്ലാസ്റൂം, മലയാള ഭാഷ സാഹിത്യ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, കവിതകൾ, ആനിമേഷനുകൾ | | വിജയ ഭേരി, ഭാഷ ക്ലബ്ബ് ക്ലാസ് ടീച്ചർ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | <u>**ഗണിതം മധുരം:**</u><br>ജൂൺ ആദ്യ ആഴ്ച്ചയിൽ തന്നെ ഓരോ ക്ലാസുകാരുടെയും നിലവാരത്തിനനുസരിച്ച ചോദ്യങ്ങൾ തയ്യാറാക്കി പ്രീടെസ്റ്റ് നടത്തുന്നു.<br>പ്രീ ടെസ്റ്റിലൂടെ ഒരോ ക്ലാസിലെയും ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. ഓരോ ക്ലാസിലും കുട്ടി നേടിയിരിക്കേണ്ട അടിസ്ഥാന ശേഷികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് പരിഹാര ബോധന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. രക്ഷിതാക്കളുടെ യോഗം വിളിച്ച് ചേർത്ത് പ്രഖ്യാപനം നടത്തുന്നു. | 3 മാസം | ഗണിത ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഗണിത പഠനത്തിൽ അഭിരുചി വളർത്തുന്നതിന് | <u>**ഗണിത ക്ലബ്ബ്:**</u><br>ഓരോക്ലാസിൽ നിന്നും 8 അംഗങ്ങൾ വീതമുള്ള ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.<br><u>**ഓണ ചന്ത:**</u><br>ഓണത്തോടനുബന്ധിച്ച് സ്കൂളിൽ കൃഷി ചെയ്ത് ഉണ്ടാക്കിയതും കുട്ടികൾ വീട്ടിൽ നിന്ന് കൊണ്ട് വന്നതുമായ പച്ചക്കറികൾ ഉപയോഗിച്ച് സ്കൂളിൽ ഓണ ചന്ത സംഘടിപ്പിക്കുന്നു.. | | ഗണിത ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഗണിത പഠനത്തിൽ അഭിരുചി വളർത്തുന്നതിന് | **<u>ക്വിസ്സ് മത്സരം:</u>**<br>ഓരോ ടേമിലും ഗണിതവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനം നൽകുന്നു.<br>**<u>ഗണിത മാഗസിൻ:</u>**<br>ഗണിതാശയങ്ങൾ, പ്രശ്നങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ, കുസൃതി കണക്കുകൾ, ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ, ആനുകാലികങ്ങൾ, ഇവ ഉൾപ്പെടുത്തി ക്ലാസ് തലത്തിൽ മാഗസിൻ നിർമ്മാണം. ക്ലാസ് മാഗസിനിലെ മെച്ചപ്പെട്ട സൃഷ്ടികൾ ഉൾപ്പെടുത്തി സ്കൂൾതല ഗണിത മാഗസിൻ.<br>**<u>ഗണിത പ്രൊജക്ട്:</u>**<br>മൂന്ന്, നാല് ക്ലാസുകളിലെ പാഠ ഭാഗവുമായി ബന്ധപ്പെട്ട വീടുകളിലെ വരവ് ചിലവ് കണക്കാക്കൽ, കാൽപാദത്തിന്റെ നീളവും കൈമുട്ട് മുതൽ കൈതണ്ട് വരെയുള്ള നീളവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്നീ വിഷയങ്ങൾ അപഗ്രഥിച്ച് വിവര ശേഖരണം നടത്തി ഗണിത പ്രൊജക്ട് തയ്യാറാക്കുന്നു. പ്രോജക്ട് ഡയറി തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. | 5 മാസം | ഗണിത ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -

പേര് :

മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| രസകരമായ ഗണിത പഠനവും കര ചലന ശേഷി വികാസവും | **<u>ഒറിഗാമി ശിൽപശാല:</u>**<br>ഒറിഗാമിയിൽ വൈദഗ്ദ്യം നേടിയവരെ ഉപയോഗിച്ച് ഏകദിന ശിൽപ്പശാല. വിവിധ രൂപങ്ങൾ നിർമ്മിക്കാനുള്ള പരിശീലനം. | വർഷത്തിൽ ഒന്ന് | ഗണിത ക്ലബ്ബ്<br>എസ്.ആർ.ജി | |

പ്രവർത്തനം -

പേര് :

മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | **ഗണിത ലാബ്:**<br>സ്കൂളിൽ ഗണിത ലാബ് സജ്ജീകരിക്കുന്നു. ഗണിത ലാബിൽ വെച്ച് ഗണിത ക്ലാസ് സംഘടിപ്പിക്കുന്നു. ഗണിത റഫറൻസ് ബുക്കുകൾ, ചുമർ ഗണിത ചിത്രങ്ങൾ, മെട്രിക് ഉപകരണങ്ങൾ, അബാക്കസ്, ജ്യാമിതീയ രൂപങ്ങൾ, എന്നിവ സജ്ജീകരിക്കുന്നു. | ഒരു വർഷം | ഗണിത ക്ലബ്ബ്<br>എസ്.ആർ.ജി | |
| | **ഉത്തരപ്പെട്ടി:**<br>ഗണിത പ്രശ്നങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തിപെട്ടിയിൽ നിക്ഷേപിക്കുന്നു. വിജയികളെ കണ്ടെത്തി സമ്മാനം നൽകുന്നു. | മാസത്തിൽ ഒന്ന് | ഗണിത ക്ലബ്ബ്<br>എസ്.ആർ.ജി | |
| | **മനക്കണക്കുകൾ:**<br>ഓരോ ക്ലാസുകളിലെയും പാഠ്യ പദ്ധതിയുമായി ബന്ധപ്പെട്ടതും ചിന്താ ശേഷി ഉണർത്തുന്നതുമായ ഗണിത പ്രശ്നങ്ങൾ ക്ലാസിൽ അവതരിപ്പിച്ച് മനസ്സിൽ മാത്രം ചെയ്ത് ഉത്തരം കണ്ടെത്തുന്നതിനുള്ള പരിശീലനം. | | | |
| | **ഗണിത മേള:**<br>ശാസ്ത്ര മേളയോടനുബന്ധിച്ച് ഗണിത മേള സംഘടിപ്പിക്കുന്നു. | ഒക്ടോബർ | ഗണിത ക്ലബ്ബ്<br>എസ്.ആർ.ജി | |
| | **പഠനോപകരണ ശിൽപ്പശാല:**<br>ഗണിതവുമായി ബന്ധപ്പെട്ട് പഠനോപകരണങ്ങൾ നിർമ്മിക്കാനുള്ള ശിൽപ്പശാല സംഘടിപ്പിക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | <u>**ലിറ്റിൽ മാസ്റ്റർ:**</u><br>ഗണിതത്തിൽ മികച്ച 5 കുട്ടികളെ ഓരോ ക്ലാസിൽ നിന്നും കണ്ടെത്തി അവരെ വർഷാവസാനം ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് ആയി തെരഞ്ഞെടുക്കുന്നു. സ്കൂൾ വാർഷികത്തോടനുബന്ധിച്ച് ഇവർക്ക് സമ്മാനം നൽകി ആദരിക്കുന്നു.. | ആഗസ്റ്റ് | ഗണിത ക്ലബ്ബ്<br>എസ്.ആർ.ജി | |

**പ്രവർത്തനം -**

**പേര് :**

**മേഖല :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | <u>**ഗണിത പാർക്ക്:**</u><br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജീകരിക്കുന്നു. അത് പോലെ എല്ലാ ക്ലാസുകളും ഗണിതവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ കൊണ്ടും ചാർട്ടുകൾ കൊണ്ടും അലങ്കരിക്കുന്നു. | 2 വർഷം | ഗണിത ക്ലബ്ബ്<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാനുള്ള അവസരം സൃഷ്ടിക്കൽ | **<u>ജൈവ വൈവിധ്യ പാർക്ക്:</u>**<br>സ്കൂളിൽ സൗകര്യ പ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ.<br>പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സ്കൂളിൽ പൂന്തോട്ടം ഒരുക്കൽ. | 2 കൊല്ലം | സയൻസ് ക്ലബ്ബ് എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കാർഷിക സംസ്കൃതി വീണ്ടെടുക്കൽ | **<u>പച്ചക്കറിത്തോട്ടം:</u>**<br>വിദ്യാലയത്തിലെ സൗകര്യ പ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | 1 കൊല്ലം | സയൻസ് ക്ലബ്ബ് എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഔഷധച്ചെടികളെ അറിയൽ | **<u>ഔഷധത്തോട്ടം:</u>**<br>വിദ്യാലയത്തിലെ സൗകര്യ പ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ ഔഷധത്തോട്ടം നിർമ്മിക്കൽ | 1 കൊല്ലം | സയൻസ് ക്ലബ്ബ് എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണം - പ്രാധാന്യം ബോധ്യപ്പെടുത്തൽ | **പരിസ്ഥിതി ദിനാഘോഷം:**<br>തൈ വിതരണം, തൈകൾ നടൽ, സി.ഡി പ്രദർശനം, ക്വിസ് മത്സരം, കൊളാഷ് തയ്യാറാക്കൽ | ജൂൺ | സയൻസ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ചന്ദ്രനെ കുറിച്ചും ചാന്ദ്ര യാത്രികരെ കുറിച്ചും അടുത്തറിയുക | **ചാന്ദ്ര ദിനാഘോഷം:**<br>പഠന ക്ലാസ്, സിഡി. പ്രദർശനം, കൊളാഷ് നിർമ്മാണം, ക്വിസ് മത്സരം | ജൂലായ് | സയൻസ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഇന്ത്യയെ അറിയൽ | **സ്വാതന്ത്ര ദിനാഘോഷം:**<br>സ്വാതന്ത്ര്യ ദിന അസംബ്ലി, ദേശ ഭക്തി ഗാന മത്സരം, ദേശീ. ഗാന മത്സരം, കൊളാഷ് നിർമ്മാണം, പതിപ്പുകൾ, ക്വിസ് മത്സരം, സിഡി. പ്രദർശനം | ആഗസ്റ്റ് | സയൻസ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഓണം ഉത്സവത്തെ അറിയാൻ | **ഓണാഘോഷം:**<br>പൂക്കളമത്സരം, ഓണപ്പാട്ടുകൾ, ഓണ സദ്യ, ഓണപ്പതിപ്പ്. | | | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഡോ. എസ് രാധാകൃഷ്ണനെ കുറിച്ച് മനസ്സിലാക്കാൻ | **അധ്യാപക ദിനാഘോഷം:**<br>ലോക പ്രശസ്തരായ ഗുരുക്കൻമാരെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. എന്റെ പ്രിയപ്പെട്ട അധ്യാപകൻ പതിപ്പ് തയ്യാറാക്കുന്നു. | സെപ്റ്റ് | സയൻസ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കാൻ | **മേളകൾ:**<br>സ്കൂൾ തല ശാസ്ത്ര മേള. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം | സെപ്റ്റ് | സയൻസ് ക്ലബ്ബ്<br>മേള കമ്മിറ്റി<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഗാന്ധിജിയെ കുറിച്ച് കൂടുതൽ വിവരങ്ങൾ മനസ്സിലാക്കാൻ | **ഗാന്ധി ജയന്തി:** സിഡി. പ്രദർശനം, പതിപ്പ് തയ്യാറാക്കൽ, ക്വിസ്സ് മത്സരം, ശുചീകരണ വാരം | ഒക്ടോ | സയൻസ് ഹെൽത്ത് ക്ലബ്ബ് ക്ലാസ് ടീച്ചർ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കേരളത്തെ അറിയൽ | **കേരളപ്പിറവി:** സിഡി. പ്രദർശനം, കൊളാഷ് നിർമ്മാണം, പതിപ്പ് തയ്യാറാക്കൽ, ക്വിസ്സ് മത്സരം, കട്ടൗട്ട് തയ്യാറാക്കൽ | നവംബർ | സയൻസ് ക്ലബ്ബ് ക്ലാസ് ടീച്ചർ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| വ്യത്യസ്ത ആഘോഷങ്ങളെ മനസ്സിലാക്കൽ | **ക്രിസ്മസ്സ് ആഘോഷം:** ക്രിസ്തുമസ്സ് പതിപ്പ്, ആശംസാ കാർഡ് തയ്യാറാക്കൽ, ക്രിസ്മസ്സ് കരോൾ, ക്രിസ്മസ് ചരിത്രം മനസ്സിലാക്കൽ | ഡിസംബർ | സയൻസ് ക്ലബ്ബ് ക്ലാസ് ടീച്ചർ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്താൻ | <u>**മെഡിക്കൽ ക്യാമ്പ്:**</u> വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന സംഘടിപ്പിക്കൽ | 1 പ്രാവശ്യം | പി.ടി.എ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| മുന്നോക്കക്കാരെ മികച്ചവരാക്കാൻ | <u>**പ്രതിഭാ പോഷണ പരിപാടി:**</u> പഠനത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവ് ദിനങ്ങളിൽ സംഘടിപ്പിക്കൽ | 1 പ്രാവശ്യം | പി.ടി.എ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കാൻ | <u>**ശാസ്ത്ര യാത്രകൾ:**</u> പച്ചക്കറി തോട്ടങ്ങൾ, വയലുകൾ, മൺപാത്ര നിർമ്മാണ ശാലകൾ, കുളം തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠന യാത്രകൾ | 3 പ്രാവശ്യം | സയൻസ് ക്ലബ്ബ് പി.ടി.എ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തൽ | **സി.പി.ടി.എ:** കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ. മികവുകളുടെ അവതരണം, പൊതു ചർച്ചകൾ, ഓരോ രക്ഷിതാവിനെയും പ്രത്യേകം പ്രത്യേകം | | | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | **പോഷകാഹാരം:** പോഷക സമൃദ്ധമായ ഉച്ച ഭക്ഷണം നൽകൽ | | | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുകയും കൂടുതൽ മികവുറ്റതാക്കാനും | **ഗവേഷണ പ്രോജക്ട്:** പഠന പിന്നോക്കാവസ്ഥയുള്ളവരെ കണ്ടെത്തി അവർക്കുള്ള പ്രത്യേക വർക്ക് ഷീറ്റുകൾ നൽകൽ. സർവ്വേ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തി മെച്ചപ്പെടുത്തുക. | | | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| വിദ്യാലയത്തിന്റെയും ഗ്രാമത്തിന്റെയും ശത കാലത്തിന്റെ ചിത്രാവിഷ്കാരം | <u>**വരയും കുറിയും:**</u> വിദ്യാലയത്തിന്റെയും അത് സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെയും ചരിത്രം രേഖാ ചിത്രീകരണങ്ങളിലൂടെയും ലഘു വിവരണങ്ങളിലൂടെയും രേഖപ്പെടുത്തി പുസ്തകമാക്കുന്നു. | 3 പ്രാവശ്യം | സയൻസ് ക്ലബ്ബ് പി.ടി.എ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | <u>**ശാസ്ത്ര മാജിക്:**</u> ശാസ്ത്ര തത്വങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു. അവയുടെ പ്രവർത്തനക്രമം ചിത്രം സഹിതം പ്രത്യേകം ബുക്കിൽ വരച്ച് രേഖപ്പെടുത്തുന്നു.. | 1 പ്രാവശ്യം | സയൻസ് ക്ലബ്ബ് എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| പൊതു സ്ഥാപനങ്ങളുടെ പ്രവർത്തനം പരിചയപ്പെടൽ | <u>**എംബ്ലം പുരാണം**</u> നമ്മുടെ നാട്ടിലെ വിവിധ പൊതു മേഖല സ്ഥാപനങ്ങളുടെ എംബ്ലം കുട്ടികൾ ശേഖരിക്കുന്നു. ഓരോ എംബ്ലവും പ്രതിനിധാനം ചെയ്യുന്ന സ്ഥാപനത്തിന്റെ പ്രവർത്തനം കുട്ടികൾ രേഖപ്പെടുത്തുന്നു. | 1 പ്രാവശ്യം | സയൻസ് ക്ലബ്ബ് പി.ടി.എ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | **<u>മൺ മറഞ്ഞ ആഹാരം:</u>**<br>കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ പലഹാരങ്ങൾ, ആഹാര സാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറിഞ്ഞ് പാകം ചെയ്യുന്ന വിധവും അതിൽ ചേർക്കുന്ന വസ്തുക്കളും ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു.. | 1പ്രാവശ്യം | സയൻസ് ക്ലബ്ബ്<br>പി.ടി.എ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണ ദോഷങ്ങളെ കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | **<u>ഫാസ്റ്റ് റ്റു ഡെത്ത്:</u>**<br>കടകളിൽ നിന്ന് വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു. | 1പ്രാവശ്യം | സയൻസ് ക്ലബ്ബ്<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കൽ | **<u>സാമൂഹ്യ ശാസ്ത്ര ലാബ്:</u>**<br>വിദ്യാലയത്തിൽ ഒരു സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | 1 കൊല്ലം | സയൻസ് ക്ലബ്ബ്<br>പി.ടി.എ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം | **കാരണവക്കൂട്ടം:** വിദ്യാലയ പരിസരത്ത് താമസിക്കുന്ന 50 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെയും കുട്ടികളുടെയും സംഗമം. പഴയ കാലഘട്ടത്തെയും പഴയ കാല വിദ്യാഭ്യാസത്തെയും കുറിച്ചുള്ള അവബോധം ഉണ്ടാക്കൽ. | 1പ്രാവശ്യം | സയൻസ് ക്ലബ്ബ്<br>പി.ടി.എ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | **പഠന യാത്രകൾ:** സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ | 1പ്രാവശ്യം | സയൻസ് ക്ലബ്ബ്<br>പി.ടി.എ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്ക് വെക്കൽ | **സ്കൂൾ കലണ്ടർ:** വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും വിതരണം ചെയ്യുന്നു. | 1പ്രാവശ്യം | എച്ച്.എം<br>പി.ടി.എ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കൽ | **സാമൂഹ്യ ശാസ്ത്ര കോർണ്ണർ:** അധിക വായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യ ശാസ്ത്ര വായന കോർണ്ണർ ഒരുക്കുന്നു. | 1പ്രാവശ്യം | സയൻസ് ക്ലബ്ബ് പി.ടി.എ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | **ബുള്ളറ്റിൻ ബോർഡ്:** വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യ പ്രദമായ ഇടത്ത് സ്ഥാപിച്ച ബുള്ളറ്റിൻ ബോർഡിൽ എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | എല്ലാ ദിവസവും | സയൻസ് ക്ലബ്ബ് പി.ടി.എ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| പത്രവായന പരിപോഷണം, വിവര ശേഖരണം | **ഇന്നത്തെ പ്രധാന വാർത്തകൾ:** ഓരോ ദിവസവും അന്നത്തെ പത്രത്തിലെ പ്രധാന വാർത്തകൾ കുട്ടികളെ കൊണ്ട് പ്രത്യേക നോട്ട് ബുക്കിൽ രേഖപ്പെടുത്തി വെക്കുകയും ബുള്ളറ്റിൻ ബോർഡിൽ എഴുതി പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | എല്ലാ ദിവസവും | സയൻസ് ക്ലബ്ബ് പി.ടി.എ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| പൊതു വിജ്ഞാനം വർദ്ധിപ്പിച്ച് മത്സരങ്ങളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുന്നതിന് | **ഓർക്കാം ഓർമ്മിക്കാം:** എല്ലാ വെള്ളിയാഴ്ച്ചയും അവസാനത്തെ പിരിയഡ് പൊതു വിജ്ഞാനവുമായി ബന്ധപ്പെട്ട ചോദ്യങ്ങളും ഉത്തരങ്ങളും ടീച്ചർ നൽകുന്നു. ഓരോ മാസവും ക്ലാസ് തല മത്സരം സംഘടിപ്പിക്കുന്നു. വിജയികളെ ഉൾപ്പെടുത്തി ടേമിൽ ഒരു സ്കൂൾ തല മത്സരം സംഘടിപ്പിക്കുന്നു. വിജയികളെ ഉൾപ്പെടുത്തി വർഷാവസാനം മെഗാ ക്വിസ്സ് മത്സരം സംഘടിപ്പിച്ച് വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നു. | ഒരു വർഷം | ക്ലാസ് ടീച്ചർ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറച്ച് പ്രകൃതി സൗഹൃദ മനോഭാവം വളർത്തുക | **പ്ലാസ്റ്റിക്കിനോട് വിട:** 3,4 ക്ലാസുകളിലെ കുട്ടികളിൽ മഷിപ്പേനയുടെ ഉപയോഗം വളർത്തിയെടുക്കുന്നു. അധ്യാപകരും മഷിപ്പേന ഉപയോഗിക്കുന്നു. സ്കൂൾ പ്ലാസ്റ്റിക് മുക്തമാക്കുന്നു. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കളികളിൽ പ്രാവീണ്യം നേടുന്നതിന് | **കളിക്കാം :**<br>റിംഗ്, ഫുട്ബാൾ, ക്രിക്കറ്റ് തുടങ്ങിയ കളികളിൽ കുട്ടികൾ ഗ്രൗണ്ടിൽ വെച്ച് പരിശീലനം. പി.ടി.എ. ക്ലബുകൾ, രക്ഷിതാക്കൾ എന്നിവരുടെ സഹകരണത്തോടെ<br>**ഷട്ടിൽ പരിശീലനം:**<br>സ്കൂൾ ഗ്രൗണ്ടിൽ ഷട്ടിൽ കോർട്ട് ഒരുക്കുന്നു. ക്ലബുകളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹകരണത്തോടെ കുട്ടികൾക്ക് പരിശീലനം നൽകുന്നു.<br>**സ്കൂൾ കായിക മേള:**<br>ഓട്ടം, ചാട്ടം, റിലേ ഇനങ്ങളിൽ പ്രത്യേക പരിശീലനം. എല്ലാ വർഷവും കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിജയികൾക്ക് സമ്മാനം ഏർപ്പെടുത്തുന്നു..<br>**മാസ്ഡ്രിൽ:**<br>എല്ലാ പി.ടി പിരിയഡിലും ആദ്യം കുട്ടികൾക്ക് കായിക ക്ഷമത പരിശീലനം നൽകുന്നു.<br>**നീന്തൽ പരിശീലനം:**<br>4 ക്ലാസിലെ എല്ലാ കുട്ടികളെയും സമീപത്തെ കുളത്തിൽ കൊണ്ട് പോയി നീന്താൻ പരിശീലിപ്പിക്കുന്നു.<br>**കബ്, ബുൾബുൾ :**<br>സ്കൂളിൽ കബ് ബുൾബുൾ യൂണിറ്റ് രൂപീകരിച്ച് സകൗട്ടിൽ പരിശീലനം നൽകൽ.<br>**സൈക്കിൾ സവാരി :**<br>സ്കൂളിൽ സൈക്കിൾ സവാരി അറിയാത്ത പെൺകുട്ടികൾക്ക് പരിശീലനം.<br>**മാർച്ച് ഫാസ്റ്റ് :**<br>കുട്ടികൾക്ക് മാർച്ച് ഫാസ്റ്റ് നടത്തുന്നതിനുള്ള പരിശീലനം നൽകൽ | | കായിക ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | <u>ഇംഗ്ലീഷ് അസംബ്ലി :</u><br>ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക<br>- English Prayer<br>- News Reading<br>- Thought of the day<br>- Book review<br>അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ . ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ. | ആഴ്ച്ച യിൽ 1 | ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | <u>ഇംഗ്ലീഷ് ഡയറി :</u><br>ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക. | | ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | <u>ഇംഗ്ലീഷ് തിയ്യേറ്റർ :</u><br>പാഠ പുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യത്യസ്ഥ രൂപത്തിലേക്ക് മാറ്റി സദസ്സിന് മുമ്പാകെ അവതരിപ്പിക്കൽ<br>skit, Conversation, choreogra- phy, drama , etc | ടേമിൽ 1 | ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | **<u>ഇംഗ്ലീഷ് ബുള്ളറ്റിൻ :</u>**<br>ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>June- Monsoon<br>July- Population<br>August- Freedom<br>Sept- Onam | | ഇംഗ്ലീഷ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | **<u>ഇംഗ്ലീഷ് ഫെസ്റ്റ് :</u>**<br>മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യുന്ന തരത്തിൽ ഒരു ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് | 1 പ്രാവശ്യം | ഇംഗ്ലീഷ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | **<u>കത്തെഴുത്ത് :</u>**<br>സ്കൂളിലെ ആഘോഷ പരിപാടികൾക്ക് തൊട്ടടുത്ത സ്കൂളിലെ കൂട്ടുകാരനെ ക്ഷണിച്ച് കത്തെഴുതുന്നു. | മാസം 1 | ഇംഗ്ലീഷ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയ വിനിമയം സാധ്യമാക്കൽ | <u>**സംഭാഷണം :**</u><br>പാഠ ഭാഗത്തിലെ കഥാ പാത്രങ്ങളായി കുട്ടികൾ മാറി പാഠഭാഗം സംഭാഷണ രൂപത്തിൽ ക്ലാസിൽ അവതരിപ്പിക്കുന്നു. | മാസം 1 | ഇംഗ്ലീഷ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാനുള്ള കഴിവ് നേടൽ | <u>**സ്പോക്കൺ ഇംഗ്ലീഷ്:**</u><br>എല്ലാ ആഴ്ച്ചയിലും ഒരു ദിവസം വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ | മാസം 4 | ഇംഗ്ലീഷ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | <u>**പദ പ്രശ്നം:**</u><br>ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരമെഴുതാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | 1 വർഷം | ഇംഗ്ലീഷ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | <u>വാക്യ നിർമ്മാണം :</u> ലെറ്റർ കാർഡ്സ് ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുന്നു. വാക്കുകളെ അക്ഷരമാല ക്രമത്തിൽ എഴുതുന്നു. അക്ഷര കാർഡ് ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു. | മാസം 1 | ഇംഗ്ലീഷ് ക്ലബ്ബ് ക്ലാസ് ടീച്ചർ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| Voccabulary വർദ്ധിപ്പിക്കുന്നതിന് | **<u>Voccabulary Corner:</u>** ക്ലാസിൽ ഏതെങ്കിലും ഭാഗത്ത് Voccabulary corner നിർമ്മിക്കുന്നു. ഓരോ ദിവസവും ഓരോ കുട്ടി ഒരു വാക്ക് കണ്ടെത്തി അതിന്റെ അർത്ഥവും ചിത്രവും സഹിതം പ്രദർശിപ്പിക്കുന്നു. | | ഇംഗ്ലീഷ് ക്ലബ്ബ് ക്ലാസ് ടീച്ചർ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന് | <u>മാഗസിൻ:</u> കുട്ടികളുടെ കഥ, കവിത, കത്ത്, തുടങ്ങിയവ ഉൾപ്പെടുത്തി ക്ലാസ് മാഗസിനുകൾ നിർമ്മിക്കൽ. എല്ലാ ക്ലാസുകളിലെയും മാഗസിനിൽ നിന്ന് തെരഞ്ഞെടുത്ത രചനകൾ ഉപയോഗിച്ച് സ്കൂൾ മാഗസിൻ നിർമ്മിക്കൽ | മാസം 1 | ഇംഗ്ലീഷ് ക്ലബ്ബ് ക്ലാസ് ടീച്ചർ എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | <u>**വായന മത്സരം :**</u> ഓരോ മാസവും ക്ലാസിൽ ഇംഗ്ലീഷ് വായന മത്സരം സംഘടിപ്പിക്കുന്നു. ക്ലാസ് തല വിജയികളെ കണ്ടെത്തി സ്കൂൾതല വായന മത്സരം സംഘടിപ്പിക്കുന്നു. | | | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷ പഠനം | <u>**Language Game:**</u> Trasure Hunt, Word ladder, Word making തുടങ്ങിയ കളികളിലൂടെ ഇംഗ്ലീഷ് പഠനം എളുപ്പമാക്കുന്നു. | | | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് സംസാരിക്കാനുള്ള ശേഷി നേടൽ | <u>**ഇംഗ്ലീഷ് ഡേ:**</u> എല്ലാ ആഴ്ചയിലും ഒരു ദിവസം ഇംഗ്ലീഷ് ഡേ ആയി ആചരിക്കുന്നു. മുഴുവൻ പ്രവർത്തനങ്ങളും ആശയ വിനിമയവും ഇംഗ്ലീഷിൽ മാത്രം നടത്തുക. | | | |

പ്രവർത്തനം -

പേര് :

മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| പ്രാധാന്യമുള്ള ചിത്രങ്ങൾ ശേഖരിച്ച് വെക്കുന്നതിനുള്ള താൽപര്യം | **ചിത്ര ശേഖരണം :** ദേശീയ സ്വാതന്ത്ര്യ സമര നേതാക്കൾ, പ്രമുഖ വ്യക്തിത്വങ്ങളുടെ ചിത്രങ്ങൾ, ചരിത്ര പ്രാധാന്യമുള്ള ചിത്രങ്ങൾ, പ്രാധാന്യമുള്ള പത്ര കട്ടിങ്ങുകൾ ശേഖരിച്ച് ആൽബത്തിൽ ഒട്ടിക്കുക. | 1 വർഷത്തിൽ 1 ആൽബം | ആർട്സ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -

പേര് :

മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ക്ഷമ, സൂക്ഷ്മത, കലാ വാസന വർദ്ധിപ്പിക്കൽ | **മൈലാഞ്ചി:** മൈലാഞ്ചി ഇടലിൽ പരിശീലനം നൽകുന്നു. കുട്ടികൾക്ക് പ്രത്യേക മത്സരങ്ങൾ സംഘടിപ്പിക്കുന്നു. കഴിവുള്ള കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകുന്നു. | വർഷത്തിൽ ഒന്ന് | ആർട്സ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -

പേര് :

മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കംപ്യൂട്ടർ വഴിയുള്ള കലാ പഠനത്തിൽ താൽപര്യം സൃഷ്ടിക്കാൻ | **കലാപഠനം കംപ്യൂട്ടറിലൂടെ:** ടക്സ് പെയിന്റ് പോലെ യുള്ള സോഫ്റ്റ് വെയറുകളുടെ സഹായത്തോടെ കുട്ടികൾക്ക് നിറം നൽകാനും ചിത്രം വരക്കാനുമുള്ള പരിശീലനം നൽകുകയും അത് വിലയിരുത്തുന്നതിനുള്ള പ്രത്യേക മത്സരങ്ങളും സംഘടിപ്പിക്കുക. | ആഴ്ച്ചയിൽ രണ്ട് | ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കുട്ടിയുടെ നൈസർഗ്ഗികമായ കലാ വാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക. | <u>പെയിന്റിംഗ് :</u><br>പെൻസിൽ ഡ്രോയിംഗ്, ക്രയോണുകൾ, ഛായ പെൻസിലുകൾ, സ്കെച്ച് പെന്നുകൾ, എന്നിവ ഉപയോഗിച്ച് വിവിധ പ്രതലങ്ങളിലും വിവിധ ഉപകരണങ്ങളിലൂടെയും കുട്ടികളെ പരിശീലിപ്പിക്കുക | ആഴ്ചയിൽ ഒന്ന് | ആർട്സ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ചിത്രകലയിലെ ഒരു സങ്കേതം കുട്ടികളെ പരിചയപ്പെടുത്തുന്നതിന് | <u>കൊളാഷ്:</u><br>കൊളാഷുകൾ നിർമ്മിക്കേണ്ട രീതി കുട്ടികൾ പറഞ്ഞ് കൊടുത്ത് വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് കൊളാഷ് നിർമ്മാണ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | | ആർട്സ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് കഴിവും അറിവും ഉണ്ടാക്കുന്നതിന് | <u>പ്രവത്തി പരിചയ ക്യാമ്പ്:</u><br>കടലാസ്, വർണ്ണ പേപ്പറുകൾ വയറുകൾ, സ്ട്രോ, തെർമോ കോൾ തുടങ്ങിയ കുറഞ്ഞ വിലക്ക് ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് രൂപങ്ങളും ഉപകരണങ്ങളും ഉണ്ടാക്കുന്നതിന് കരകൗശല വിദഗ്ദർ ക്ലാസെടുക്കുന്നു. വസ്തുക്കൾ ഉണ്ടാക്കാൻ കുട്ടികളെ പടിപ്പിക്കു. | | | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കലാ പരമായ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കൽ | **മണൽ ചിത്രങ്ങൾ :** കാർഡ് ബോഡുകളിൽ വെള്ള പേപ്പർ ഒട്ടിച്ച് വ്യത്യസ്ഥ ചിത്രങ്ങൾ വരച്ച് അതിൽ പശ പുരട്ടി വൃത്തിയുള്ള മണൽ വിതറി മനോഹരമായ ചിത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം | വർഷത്തിൽ ഒന്ന് | ആർട്സ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| അടിസ്ഥാന രൂപങ്ങൾ ചിത്രം വഴി മനസ്സിൽ ഉറപ്പിക്കുക | **ജ്യാമിതീയ രൂപങ്ങൾ:** ചതുരം, വൃത്തം, ത്രികോണം രൂപങ്ങളിലുള്ള വസ്തുക്കൾ ക്ലാസിൽ പ്രദർശിപ്പിച്ച് ജാമിതീ. രൂപങ്ങൾ ബോധ്യപ്പെടുത്തുന്നു. ഈ രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരച്ച് നിറം നൽകുന്നു. | | ഗണിത<br>ആർട്സ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| വസ്തുക്കളുടെ രൂപങ്ങൾ വ്യത്യസ്ഥ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കാനുള്ള കഴിവ് | **പ്രവൃത്തി പരിചയം:** കളിമണ്ണ്, മൈദ മാവ്, തുണി. ഇവയിലെല്ലാം വസ്തുക്കളുടെ ശിൽപ്പങ്ങൾ നിർമ്മിക്കേണ്ടതിനെ കുറിച്ച് കുട്ടികൾക്ക് പരിശീലനം നൽകൽ. അത് കൂടാതെ പ്ലാസ്റ്റർ ഓഫ് പാരീസ് ഉപയോഗിച്ചുള്ള ശിൽപ്പങ്ങളും കുട്ടികൾ പരിചയപ്പെടുത്തി നൽകുന്നു. | മാസത്തിൽ ഒന്ന് | ആർട്സ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| ചിത്രകലയെ കുറിച്ച് കുട്ടികൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് | **<u>ചിത്രകല ക്യമ്പ് :</u>**<br>ചിത്രം വരക്കുകയും രൂപങ്ങൾ നിർമ്മിക്കുകയും നിറങ്ങൾ നൽകുന്നതിനെ കുറിച്ചും പരിചയ സമ്പന്നരായ ചിത്ര കല അധ്യാപകർ ക്ലാസെടുക്കുന്നു. കുട്ടികളെചിത്രം വരക്കാൻ പഠിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | ആർട്സ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കുട്ടികൾക്ക് വായനയിൽ താൽപര്യം ജനിപ്പിക്കാൻ | **<u>ക്ലാസ് വയനമൂല:</u>**<br>ജൂൺ ആദ്യ വാരം ഓരോ ക്ലാസിനും യോജിച്ച നിലവാരത്തിലുള്ള ബാല മാസികകളും ബാല പ്രസിദ്ധീകരണങ്ങളും കുട്ടികൾ ശേഖരിക്കുന്നു.<br>**<u>ജന്മ ദിന സമ്മാനം:</u>**<br>ജന്മ ദിന സമ്മാനം പദ്ധതിയിലൂടെ വായന മൂലയിൽ പുസ്തകങ്ങൾ കൂടുതൽ ശേഖരിക്കുന്നു. ഇവ ക്ലാസ് ലൈബ്രറിയിലേക്ക് മുതൽ കൂട്ടാക്കുന്നു.<br>**<u>ക്ലാസ് ലൈബ്രറി:</u>**<br>എല്ലാ വിഷയങ്ങളിലും പാഠ ഭാഗവുമായി ബന്ധപ്പെട്ട റഫറൻസ് ഗ്രന്ഥങ്ങൾ അധിക വായനക്ക് നൽകേണ്ട പുസ്തകങ്ങൾ തുടങ്ങി ക്ലാസിന്റെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ജന്മദിന സമ്മാനം പുസ്തകങ്ങൾ ഇവ ക്ലാസിൽ സജ്ജീകരിച്ച ലൈബ്രറിയിൽ നിരത്തുന്നു. . | ഒരു വർഷം | ഭാഷ ക്ലബ്ബ്<br>ലൈബ്രറി ടീച്ചർ<br>ക്ലാസ് ടീച്ചർ<br>എസ്.ആർജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| അധിക വായന പ്രോത്സാഹിപ്പിക്കുന്നതിനും കുട്ടികളിൽ താൽപര്യം ഉണ്ടാക്കുന്നതിനും | **സ്കൂൾ ലൈബ്രറി:**<br>സ്കൂൾ ലൈബ്രറിയിൽ 2000 ത്തോളം പുസ്തകങ്ങളെ കുട്ടികൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉപയോഗിക്കാവുന്ന രീതിയിൽ വിന്യസിക്കുന്നു.<br>**കാറ്റലോഗ് നിർമ്മാണം:**<br>സ്കൂൾ ലൈബ്രറിയിൽ 2000 ത്തോളം പുസ്തകങ്ങളെ കുട്ടികൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉപയോഗിക്കാവുന്ന രീതിയിൽ വിന്യസിക്കുന്നു. പുസ്തകങ്ങളെ എളുപ്പത്തിൽ ഇഷ്യൂ ചെയ്യുന്നതിന് വേണ്ടി വിഷയാടിസ്ഥാനത്തിൽ കാറ്റലോഗ് നിർമ്മിക്കുന്നു. | ഒരു വർഷം | ഭാഷ ക്ലബ്ബ്<br>ലൈബ്രറി ടീച്ചർ<br>ക്ലാസ് ടീച്ചർ<br>എസ്.ആർജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| സമൂഹത്തിന്റെ രക്ഷിതാക്കളുടെയും വായന ശീലം വർദ്ധിപ്പിക്കുന്നതിന് | **അമ്മ വായന:**<br>രക്ഷിതാക്കൾക്ക് സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ വിതരണം ചെയ്യുക. അമ്മ വായനയിൽ അംഗത്വമെടുത്ത രക്ഷിതാക്കൾക്ക് ഐ.ഡി കാർഡ് നൽകുന്നു. പൊതു വിജ്ഞാന ചോദ്യങ്ങൾ ശേഖരിക്കുന്നു. പൊതു വിജ്ഞാന മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ആസ്വാദന കുറിപ്പ് എഴുതുന്നു. | ഒരു വർഷം | ഭാഷ ക്ലബ്ബ്<br>ലൈബ്രറി ടീച്ചർ<br>ക്ലാസ് ടീച്ചർ<br>എസ്.ആർജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുക | **<u>അറബി തിളക്കം:</u>** പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കുട്ടികളെ തീരെ അക്ഷരമില്ലാത്തവർ, വായിക്കാൻ അറിയാത്തവർ കൂട്ടി എഴുതാൻ അറിയാത്തവർ എന്നിങ്ങനെ തിരിച്ച് പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ ഉപയോഗിച്ച് പരിശീലനം നൽകുക. | 3 മാസം | അറബി ഭാഷ ക്ലബ്ബ് എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| കുട്ടിയെ നല്ല വായനക്കാരനാക്കുക | **<u>അറബി ലൈബ്രറി:</u>** ക്ലാസുകളിൽ അറബി വായന മൂല സജ്ജീകരിക്കുക. ഓരോ കുട്ടിയോടും അറബി പുസതകങ്ങൾ കൊണ്ട് വരാൻ ആവശ്യപ്പെടുക. അറബി പിരിഡുകളിൽ ഓരു കുട്ടി ഒരു പേജ് വായിക്കുക | 3 മാസം | അറബി ഭാഷ ക്ലബ്ബ് എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| അറബി ആസ്വദിച്ച് പഠിക്കാൻ | **<u>അറബി ലാബ്:</u>** സ്കൂളിലെ സ്മാർട്ട് ലാബിൽ മികച്ച അറബി കഥകളും ആനിമേഷനുകളും കവിതകളും സജ്ജീകരിച്ച് കുട്ടികൾക്ക് ശ്രവിക്കാനും കാണാനുമുള്ള അവസരം ഒരുക്കൽ | 3 മാസം | അറബി ഭാഷ ക്ലബ്ബ് എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| അറബി പദ സമ്പത്ത് വർദ്ധിപ്പിക്കുക | **ഒരു ദിവസം ഒരു പദം:**<br>ഓരോ ദിവസവും ഒരു പദം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക. കുട്ടികൾ പദം എഴുതിയെടുത്ത് അതിന്റെ അർത്ഥം കണ്ട് പിടിച്ച് വരുന്നു. വർഷാവസാനം കുട്ടികൾ ഡിക്ഷണറി നിർമ്മിക്കുന്നു. | | അറബി ഭാഷ ക്ലബ്ബ്<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| പൊതു വേദികളിൽ അറബി അനായാസം അവതരിപ്പിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കാൻ | **അറബി അസംബ്ലി:**<br>ആഴ്ച്ചയിൽ ഒരു ദിവസം അറബി അസംബ്ലി.<br>വാർത്ത വായന<br>പുസ്തക പരിചയം<br>പ്രതിജ്ഞ<br>പ്രാർത്ഥന.<br>**അറബി ഫെസ്റ്റ്:**<br>ഒരു ദിവസം അറബി ഫെസ്റ്റ് നടത്തുക<br>അറബി കലാവതരണം<br>അറബി ചിത്രീകരണം<br>അറബി ഡോക്യുമെന്ററി പ്രദർശനം<br>അറബി പ്രസംഗം | വർഷം 1 | ക്ലാസ് ടീച്ചർ<br>അറബി ഭാഷ ക്ലബ്ബ്<br>എസ്.ആർ.ജി<br><br>ക്ലാസ് ടീച്ചർ<br>അറബി ഭാഷ ക്ലബ്ബ്<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| അറബ് സാഹിത്യം | **മാഗസിൻ:**<br>എല്ലാ മാസവും ഒരു ക്ലാസിൽ നിന്ന് ഒരു അറബി മാഗസിൻ നിർമ്മിക്കുക | | അറബി ഭാഷ ക്ലബ്ബ്<br>എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അറബിയുടെ ഡിജിറ്റൽ സാധ്യതകളിലേക്ക് ആനയിക്കൽ | **<u>ഡിജിറ്റൽ അറബി:</u>**<br>**അറബി ടൈപ്പിംഗ്:**<br>നാലാം ക്ലാസിലെ കുട്ടികൾക്ക് അറബി ടൈപ്പിംഗിൽ പരിശീലനം നൽകുന്നു.<br>**അറബി ഗെയിംസ്:**<br>ഐ.ടി. സ്കൂൾ ഉബുണ്ടുവിലെ അറബി ഗെയിംസുകളിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.. | | അറബി ഭാഷ ക്ലബ്ബ് എസ്.ആർ.ജി | |

പ്രവർത്തനം -
പേര് :
മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| അറബി മത്സരങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം | **അറബി മത്സരങ്ങൾ:**<br>മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ത കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് അറബി മത്സരങ്ങൾ സംഘടിപ്പിക്കുക.<br>1. ക്വിസ്സ്<br>2. കഥ പറയൽ<br>3. അറബി ഗാനം<br>4. മെമ്മറി ടെസ്റ്റ്<br>5. അറബി കവിത<br>6. ഗദ്യ വായന<br>7. ആംഗ്യപ്പാട്ട്<br>8. ചിത്രീകരണം | | അറബി ഭാഷ ക്ലബ്ബ് എസ്.ആർ.ജി | |

പ്രവർത്തനം -

പേര് :

മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | |
|---|---|---|---|---|
| പ്രീ പ്രൈമറി ക്ലാസുകളെ വർണ്ണാഭമാക്കുന്നതിന് | **ക്ലാസ് റൂം വർണ്ണാഭമാക്കുക:**<br>ചുമരുകൾ അക്ഷരങ്ങളും ചിത്രങ്ങളും കൊണ്ട് ശ്രദ്ധേയമാക്കുക.<br>**ബ്ലാക്ക് ബോർഡ്:**<br>ചുമരുകളുടെ അടി ഭാഗം മുഴുവൻ കറുപ്പ് പെയിന്റ് അടിച്ച് കുട്ടികൾക്ക് ചിത്രം വരക്കുന്നതിനുള്ള സൗകര്യം.<br>**മോട്ടിവേഷൻ ക്ലാസ്:**<br>രക്ഷിതാക്കൾക്ക് മോട്ടി വേഷൻ ക്ലാസുകൾ സംഘടിപ്പിക്കുക..<br>**ദിനാചരണങ്ങൾ:**<br>സ്കൂളിലെ ദിനാചരണ പരിപാടികളിൽ നഴ്സറി കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക<br>**വിനോദം:**<br>ആഴ്ച്ചയിൽ ഒരു ദിവസം കുട്ടികൾക്ക് കാർട്ടൂൺ പ്രദർശിപ്പിക്കുന്നു.<br>കുട്ടിയുടെ ബുദ്ധി വികാസത്തിനും ശാരീരിക വികാസത്തിനും പറ്റുന്ന തരത്തിലുള്ള കളി ഉപകരണങ്ങളും കളിപ്പാട്ടങ്ങളും ഉണ്ടായിരിക്കണം<br>**മേളകൾ:**<br>നഴ്സറിയിലെ കുട്ടികളെ സ്കൂൾ മേളകളിൽ പങ്കെടുപ്പിച്ച് അവരുടെ കഴിവുകളെ കൃത്യമായി പ്രോത്സാഹിപ്പിക്കുക. | | പ്രീ പ്രൈമറി | |

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുക എന്ന മാഹാ പ്രക്രിയയുടെ കണ്ണ്കളായി കുട്ടികളെ ഇഴ ചേർക്കുക എന്ന വിദൂര സ്വപ്നത്തെ സാക്ഷാത്കരിക്കുന്നതിനുള്ള ലക്ഷ്യത്തിലേക്കുള്ള ചുവട് വെപ്പാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. സർഗ്ഗാത്മകതയും ഹൈടെക് സംവിധാനങ്ങളും ഉപയോഗിച്ച് കൊണ്ടുള്ള അധ്യാപനത്തിലൂടെ എല്ലാ കുട്ടികൾക്കും മൂല്യാധിഷ്ഠിതവും ഗുണ മേന്മയുമുള്ള വിദ്യാഭ്യാസവും പഠന നേട്ടവും ഉറപ്പ് വരുത്താൻ ശ്രമിക്കും. വ്യത്യസ്ത മേഖലകളിൽ കഴിവ് തെളിയിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നത് വഴി കലാ കായിക ആരോഗ്യ കാഴ്ച്ചപ്പാട് വളർത്തിയെടുക്കു. വായന, എഴുത്ത്, കാലിക വിജ്ഞാനം ഇവ കൂടുതൽ മെച്ചപ്പെടുത്തും. ശിശു സൗഹൃദ പരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഉറപ്പ് വരുത്താനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. സ്കൂളിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വേണ്ടി അധ്യാപക രക്ഷകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവരുടെ പരിപൂർണ്ണ പിന്തുണ ഉറപ്പ് വരുത്തുന്നതിലൂടെ സ്കൂൾ സമൂഹത്തിലേക്ക് എന്ന ആശയം സാക്ഷാത്കരിക്കും. നന്മകളാൽ സമൃദ്ധമായ ഞങ്ങളുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്ത് സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.